**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **15-02-2024 - ൽ മറുപടിയ്ക്ക്**

**കിളിമാനൂർ കീഴ്പേരൂരിൽ നിന്ന് ലഭിച്ച പുരാരേഖകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ രാജവംശത്തിന്റേയും മാർത്താണ്ഡവർമ്മയുടെയും ആദ്യകാല ആസ്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കിളിമാനൂർ കീഴ്പേരൂരിൽ നിന്ന് ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം പുരാരേഖകളും പുരാവസ്തുക്കളുമാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്ക്, വെള്ളല്ലൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന തിരുപ്പാൽക്കടൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്ര പരിസരത്തു നിന്നും മൺകുടത്തിൽ അടക്കം ചെയ്ത നിലയിൽ 2598 ചെമ്പ് നാണയങ്ങൾ ലഭിക്കുകയുണ്ടായി. തിരുവിതാംകൂർ ഭരണാധികാരികൾ വിനിമയ ആവശ്യത്തിനായി പുറത്തിറക്കിയ നാലുകാശ്, എട്ടുകാശ്, ഒരു ചക്രം എന്നിവയാണ് ലഭിച്ച നാണയങ്ങൾ. ടി നാണയങ്ങൾ 03.12.2019ൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ളതും തുടർന്ന് രാസസംരക്ഷണം നടത്തി സൂക്ഷിച്ചു പോരുന്നതുമാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ? | (ബി) | ടി പ്രദേശത്ത് വിശദമായ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ